# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *280 | 11.12.2018 - ൽ മറുപടിയ്ക്ക്

## ഡിജിറ്റൽ ഫാം കമ്മ്യൂണിറ്റി

**ചോദ്യം**

**ശ്രീ.പി.കെ.അബ്ദു റബ്ബ്**
**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**
**ശ്രീ.മഞ്ഞളാംകുഴി അലി**
**ശ്രീ.പി.ഉബൈദുള്ള**

**മറുപടി**

**ശ്രീ.വി.എസ്.സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| **എ)** കൃഷിയിലേക്കും അനുബന്ധ തൊഴിൽ മേഖലകളിലേക്കും കൂടുതൽ പേരെ ആകർഷിക്കുന്നതിനായി നവമാധ്യമങ്ങൾ ഉപയോഗിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | **എ)** ഉണ്ട്. കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ സ്മോൾ ഫാർമേർസ് അഗ്രിബിസിനസ്സ് കൺസോർഷ്യത്തിന്റെ (SFAC) കീഴിൽ നവമാദ്ധ്യമങ്ങൾ, സോഷ്യൽ മീഡിയ എന്നിവ ഉപയോഗിച്ച് കൂടുതൽപേരെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിന് കാർഷിക വിവരസങ്കേതം പദ്ധതി പ്രവർത്തിക്കുന്നു.<br>ഈ പദ്ധതിയുടെ ഭാഗമായി വെബ് പോർട്ടൽ / മൊബൈൽ ആപ്ലിക്കേഷൻ / ഫേസ്ബുക്ക് ഗ്രൂപ്പ് / ഫേസ്ബുക്ക് ലൈവ് / വാട്ട്സ്ആപ്പ് ഗ്രൂപ്പ് / എസ്.എം.എസ്. ഗ്രൂപ്പ് തുടങ്ങിയ മാദ്ധ്യമങ്ങൾ വഴി കൃഷിയിലേക്കും അനുബന്ധ തൊഴിൽ മേഖലകളിലേയ്ക്കും കൂടുതൽ കർഷകരെ ആകർഷിച്ചു വരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| **ബി)** ഇതിനായി ഡിജിറ്റൽ ഫാം കമ്മ്യൂണിറ്റിക്ക് രൂപം നൽകിയിട്ടുണ്ടോ; | **ബി)** ഉണ്ട്. |
| **സി)** എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ? | **സി)** ഡിജിറ്റൽ ഫാം കമ്മ്യൂണിറ്റിക്ക് വേണ്ടി കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ സ്മോൾ ഫാർമേർസ് അഗ്രിബിസിനസ്സ് കൺസോർഷ്യത്തിന്റെ (SFAC) കീഴിൽ നവമാദ്ധ്യമങ്ങൾ, സോഷ്യൽ മീഡിയ എന്നിവ ഉപയോഗിച്ച് കൂടുതൽപേരെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിന് കാർഷിക വിവരസങ്കേതം പദ്ധതി പ്രവർത്തിക്കുന്നു.<br>കാർഷിക വിവരസങ്കേതത്തിന്റെ കീഴിൽ ഫെയ്സ്ബുക്ക്, വാട്ട്സ്ആപ്പ്, മൊബൈൽആപ്പ് എന്നിവയിൽ പങ്കാളികളാകുന്ന കർഷകർ ഡിജിറ്റൽ ഫാം കമ്മ്യൂണിറ്റിയുടെ ഭാഗമാണ്. ഈ കമ്മ്യൂണിറ്റിയുടെ സേവനങ്ങൾക്കായി ഡിജിറ്റൽ സേന രൂപീകരിച്ചിട്ടുണ്ട്. 25 പേരടങ്ങുന്ന ഉദ്യോഗസ്ഥരെ വിവര വിനിമയ സാങ്കേതിക വിദ്യ, സമൂഹമാധ്യമങ്ങൾ വഴി വിജ്ഞാന വ്യാപനം എന്നിവയിൽ അടിസ്ഥാന പരിശീലനം നൽകി രൂപീകരിച്ചതാണ് ഡിജിറ്റൽ സേന.<br>വിവര വിനിമയ സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി സ്മോൾ ഫാർമേർസ് അഗ്രിബിസിനസ്സ് കൺസോർഷ്യം (എസ്.എഫ്.എ.സി) ഒരുക്കുന്ന ഏക ജാലക സംവിധാനമാണ് "കാർഷിക വിവര സങ്കേതം – ഒരു വിരൽതുമ്പിൽ" എന്ന പോർട്ടൽ. ലോകത്തിലെമ്പാടും നടപ്പിലാക്കി വരുന്ന നൂതന ശാസ്ത്രീയ കൃഷിരീതികളെക്കുറിച്ചും ഉത്തമ കൃഷി മുറകളെക്കുറിച്ചും (GAP) കർഷകർക്കും പൊതുജനങ്ങൾക്കും പകർന്നു നൽകുന്ന 'കാർഷിക വിവരസങ്കേതം', കൃഷിഭവനുകളിലെ കൃഷി ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനായി വികസിപ്പിച്ച 'കാർഷിക കേരളം', കാർഷികോൽപന്നങ്ങൾക്ക് വിപണി കണ്ടെത്താനും മികച്ച വില ഉറപ്പാക്കാനും കർഷകരെ സഹായിക്കുന്ന 'ഇ-വിപണി' |

എന്നീ മൂന്ന് മൊബൈൽ ആപ്ലിക്കേഷനുകളും ഈ പോർട്ടലിന്റെ ഭാഗമായി വികസിപ്പിച്ചിട്ടുണ്ട്.

കാർഷിക കാൾസെന്റർ സേവനങ്ങൾ 1800-425-1661 എന്ന ടോൾഫ്രീ നമ്പറിലൂടെ ടെലിഫോണിലൂടെയും മൊബൈൽ ഫോണിലൂടെയും നേരിട്ട് വിളിച്ചും കൂടാതെ എസ്.എം.എസ്., ഇ-മെയിൽ, സാമൂഹ്യമാധ്യമങ്ങൾ, വെബ് പോർട്ടൽ എന്നിവയിലൂടെയും ഉന്നയിക്കുന്ന കാർഷികാനുബന്ധമായ സംശയങ്ങൾക്ക് സാങ്കേതിക ഉദ്യോഗസ്ഥർ പരിഹാരം കണ്ടെത്തി നൽകുന്നു. കൂടാതെ Facebook, Youtube, WhatsApp, Twitter എന്നീ സംവിധാനങ്ങളുപയോഗിച്ച് ചാറ്റ് ചെയ്യുന്നതിലൂടെ കൃഷിയിടങ്ങളിലെ പ്രശ്നങ്ങൾ തൽസമയം പ്രദർശിപ്പിച്ച് ശരിയായ പ്രശ്നപരിഹാരം കണ്ടെത്തുവാൻ സഹായിക്കുന്നു. ഇത് വരെ ഏകദേശം 40,000 കൃഷിക്കാരുടെ ഫോൺകാളുകൾ ടോൾഫ്രീ നമ്പരിൽ വരുകയും ആയതിന് പ്രശ്ന പരിഹാരം നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

'കാർഷികവിവരസങ്കേതം ഒരു വിരൽത്തുമ്പിൽ' എന്ന സംവിധാനത്തിന്റെ വിപുലീകൃതമായ ഉപയോഗത്തിനും മെച്ചപ്പെട്ട സേവന വിനിമയത്തിനുമായി, ഈ സംവിധാനത്തിലൂടെ തന്നെ,കർഷകർ, ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ, എന്നിവരോട് കൃഷിമന്ത്രി നേരിട്ട സംവദിക്കുന്ന തരത്തിൽ നടപ്പിലാക്കുന്ന പരിപാടിയാണ് **"കൃഷിമന്ത്രി വിളിപ്പുറത്ത്"**. കൃഷിവകുപ്പിന്റെയും അനുബന്ധ സ്ഥാപനങ്ങളുടേയും സേവനങ്ങൾ കർഷകരിലേയ്ക്ക് പരമാവധി എത്തിക്കുന്നതിനും കർഷകരുടെ പ്രശ്നങ്ങളും സംശയങ്ങളും സമയബന്ധിതമായി പരിഹരിക്കുന്നതിനും സർക്കാരും ജനങ്ങളും തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കുന്നതിനും സഹായിക്കുന്ന **"കൃഷിമന്ത്രി വിളിപ്പുറത്ത്"**, ഇതിനോടകംതന്നെ വമ്പിച്ച പ്രചാരം നേടിക്കഴിഞ്ഞു.

2018 നവംബർ മുതൽ **"തൽസമയ കൃഷിയിട പരിശീലന പരിപാടി"** നടപ്പിലാക്കി തുടങ്ങി. എല്ലാമാസവും ആനുകാലിക പ്രാധാന്യമുള്ള വിഷയങ്ങളെക്കുറിച്ച് കൃഷി വിദഗ്ധർ ഈ പരിപാടി കൈകാര്യം ചെയ്യുന്നു. ഈ രണ്ട് പരിപാടികളും ശരാശരി 50,000 കർഷകരിലേക്ക് എത്തിക്കുവാൻ സാധിച്ചിട്ടുണ്ട്.

കേന്ദ്രഗവൺമെന്റിന്റെ എം-കിസാൻ (m-kisan) പദ്ധതിയിലൂടെ കൃഷിശാസ്ത്രജ്ഞർക്കും, കാർഷികരംഗത്തെ പ്രഗല്ഭർക്കും, ഉദ്യോഗസ്ഥർക്കും തങ്ങളുടെ മൊബൈൽ ഫോണുകൾ വഴി പ്രദേശം, പ്രാദേശികഭാഷ, കാർഷിക പ്രവർത്തനങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള വിവരങ്ങളും സേവനങ്ങളും നിർദ്ദേശങ്ങളും എസ്.എം.എസ്. (SMS) ആയി കർഷകർക്ക് നൽകിവരുന്നു.

കാർഷിക വിജ്ഞാന വ്യാപന ഉദ്യോഗസ്ഥർ, കാർഷിക വിദ്യാർഥികൾ, പുരോഗമനോന്മുഖരായ കർഷകർ എന്നിവരെ ലക്ഷ്യമാക്കിക്കൊണ്ട് കാർഷിക സർവ്വകലാശാലയുമായി ചേർന്ന് **'FEM@Mobile'** എന്ന ആപ്ലിക്കേഷനും www.farmextensionmanager.com എന്ന വെബ്സൈറ്റും വികസിപ്പിച്ചിട്ടുണ്ട്. നവമാദ്ധ്യമങ്ങൾ വഴി ഏകദേശം 57,000 കർഷകർ ഈ സംവിധാനം ഉപയോഗപ്പെടുത്തുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**

<u>**അനുബന്ധം**</u>

- **വെബ് പോർട്ടൽ :-**
  - കാർഷിക വിവര സങ്കേതം - www.krishi.info - വിവര വിനിമയ സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി ഒരുക്കുന്ന ഏക ജാലക സംവിധാനമാണ് "കാർഷിക വിവര സങ്കേതം – ഒരു വിരൽ തുമ്പിൽ" എന്ന പോർട്ടൽ.
  - മൊബൈൽ ആപ്ലിക്കേഷൻസ് - കൃഷിഭവനുകളിലെ കൃഷി ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനായി **കാർഷിക കേരളം**
  - ലോകത്തിലെമ്പാടും നടപ്പിലാക്കി വരുന്ന നൂതന ശാസ്ത്രീയ കൃഷിരീതികളെക്കുറിച്ചും ഉത്തമ കൃഷി മുറകളെക്കുറിച്ചും (GAP) കർഷകർക്കും പൊതുജനങ്ങൾക്കും പകർന്നു നൽകുന്ന **കാർഷിക വിവര സങ്കേതം.**
  - കാർഷികോൽപന്നങ്ങൾക്ക് വിപണി കണ്ടെത്താനും മികച്ച വില ഉറപ്പാക്കാനും കർഷകരെ സഹായിക്കുന്ന **"ഇ-വിപണി"**
- **കൃഷിമന്ത്രി വിളിപ്പുറത്ത്** - കൃഷിമന്ത്രി കർഷകരുമായി നേരിട്ട് സംവദിക്കുന്ന പരിപാടി
- ഫേസ്ബുക്ക് ഗ്രൂപ്പ് – കാർഷിക വിവര സങ്കേതം
- ഫേസ്ബുക്ക് ലൈവ് - കർഷകർക്കുള്ള തത്സമയ പരിശീലന പരിപാടി
- വാട്ട്സ്ആപ്പ് ഗ്രൂപ്പ്
- എസ്.എം.എസ്. – www.mkisan.gov.in – കേന്ദ്രഗവൺമെന്റ് തയ്യാറാക്കിയിട്ടുള്ള mkisan.gov.in എന്ന എസ്.എം.എസ്. പ്ലാറ്റ്ഫോമിലൂടെ സംസ്ഥാന, ജില്ലാ, ബ്ലോക്ക് തലത്തിലും ഉള്ള കൃഷി ഉദ്യോഗസ്ഥർ/കർഷകർക്ക് എസ്.എം.എസ്. മുഖേന നവീന കൃഷിരീതികളെക്കുറിച്ചും കൃഷി വകുപ്പിന്റെ വിവിധ സ്കീമുകളെക്കുറിച്ചും വിവരങ്ങൾ നൽകുന്നു.
- **FEM@Mobile** കാർഷിക വികസന കർഷകക്ഷേമ വകുപ്പും കേരള കാർഷിക സർവ്വകലാശാലയും ചേർന്ന് തയ്യാറാക്കിയിട്ടുള്ള മൊബൈൽ ആപ്ലിക്കേഷനായ FEM@Mobile വെബ്സൈറ്റായ www.farmextensionmanager.com എന്നിവ കാർഷിക വിജ്ഞാന വ്യാപന ഉദ്യോഗസ്ഥർ, കാർഷിക വിദ്യാർഥികൾ, പുരോഗമനോന്മുഖരായ കർഷകർ എന്നിവർക്ക് വളരെ പ്രയോജനപ്രദമാണ്.

**സെക്ഷൻ ഓഫീസർ**